# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗവ.ഫിഷറീസ്.എൽ.പി.സ്കൂൾ കണ്ണങ്കടവ്

---

ആമുഖം

വിവരസാങ്കേതികവിദ്യ അതിശക്തവും അനസ്യൂതവുമായി വളർന്നു കൊണ്ടിരിക്കുന്ന ഈകാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസരംഗവും പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞ മെന്ന പരിപാടി നടപ്പിലാക്കിക്കൊണ്ട് ശക്തി പ്പെടുകയാണ്. വിദ്യാഭ്യാസരംഗത്ത് നിരന്തരമായ മാറ്റങ്ങളും മെച്ചപ്പെടുത്തലുകളും നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഭൗതിക സൗകര്യങ്ങൾ വളരെ മെച്ചപ്പെട്ടതായാലേ ഗുണമേന്മയുള്ളതും ശിശുസൗഹൃദ പരവുമായവിദ്യാഭ്യാസം ഉറപ്പാക്കാൻ കഴിയുകയുള്ളൂ. ഇന്നുള്ളഭൗതികസാഹചര്യങ്ങൾ കാലോചിതമായരീതിയിൽ മാറേണ്ടിയിരിക്കുന്നു. പരമ്പരാഗത കാഴ്ചപ്പാടിലുംവളർച്ച അനിവാര്യമായിവന്നിരിക്കുന്നു. ദീർഘവീക്ഷണാടിസ്ഥാനത്തിൽ വിദ്യാലയത്തെ സമഗ്രമായി വികസിപ്പിക്കേണ്ടതുണ്ട്. ഭൗതികസാഹചര്യങ്ങളിൽ ഉണ്ടാകുന്നമാറ്റം മാത്രം വിദ്യാഭ്യാസ പുരോഗതിക്ക് മതിയാകില്ലന്ന തിരിച്ചറിവ് അക്കാദമിക മേഖലയിൽ ഉണ്ടാകേണ്ടിയിരിക്കുന്ന മാറ്റങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ നമ്മെ നിർബന്ധിതരാക്കിയിരിക്കുന്നു. അതിനായി ഓരോവിദ്യാലയവും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സ്കൂൾ മാസ്റ്റർപ്ലാൻ എന്നതിനു പുറമേ ഓരോ ക്ലാസ്സും മികവുകളുടേയും പരിമിതികളുടേയും കാര്യത്തിൽ വ്യത്യസ്തമാണ് എന്നതുകൊണ്ടുതന്നെ ഓരോക്ലാസ്സിനും നൽകേണ്ട കൈത്താങ്ങിന്റെ കാര്യത്തിലും വ്യത്യസ്തതയുണ്ടാകും എന്നതുകൊണ്ട് ക്ലാസ്സ് അക്കാദമിക് മാസ്റ്റർ പ്ലാനുകൾ അത്യാവശ്യമാകുന്നു.ഓരോ കുട്ടിയും ഈ മേഖലകളിലൊക്കെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാകുന്നതുകൊണ്ട് വ്യക്തിഗത മാസ്റ്റർ എന്ന ആശയവും ഈ വർഷം മുതൽ കൂടുതൽ പ്രാധാന്യത്തോടെ  അവതരിപ്പിക്കുകയാണ്

## വിദ്യാലയചരിത്രം

കൊയിലാണ്ടി താലൂക്കിലെ ചേമഞ്ചേരി പഞ്ചായത്തിൽ തിരുവങ്ങൂർവില്ലേജിലെ കണ്ണങ്കടവിൽ 1919ൽസ്ഥാപിതമായതാണ് ഈ വിദ്യാലയം. ആരംഭദശയിൽ ആഓലമേഞ്ഞ ഷെഡ്ഡുകളാണ് പ്രവർത്തിച്ചതെങ്കിലും ഇപ്പോൾ രണ്ടു കോൺക്രീറ്റ് കെട്ടിടങ്ങൾ സ്വന്തമായി ഉണ്ട്. ഇതിലൊന്ന് ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥിയായിരുന്ന അഹമ്മത് കോയ ഹാജി ഇരുപത് വർഷം മുമ്പ്നിർമ്മിച്ച് നൽകിയതാണ്.

അമ്പത് സെന്റ് സ്ഥലം സ്വന്തമായുള്ളഈ വിദ്യാലയത്തിൽ ഇപ്പോൾ ആറ് ടോയ്‌ലറ്റുകൾ  സ്വന്തമായി കുഴൽകിണർ പൈപ്പ് സൗകര്യം വൈദ്യുതീകരിച്ച കെട്ടിടം കളിസ്ഥലം തുടങ്ങിയവ നിലവിലുണ്ട് വർഷങ്ങളോളം ധാരാളം കുട്ടികൾ പഠിച്ചിരുന്ന ഈ വിദ്യാലയത്തിൽ പരിസര പ്രദേശത്തെ സ്വകാര്യ വിദ്യാലയ അധികൃതരുടെ പ്രലോഭനവും

ആധിപത്യവും വാഹനസൗകര്യങ്ങളും മൂലം ഇന്ന് കുട്ടികൾ കുറഞ്ഞുകൊണ്ടിരിക്കാണ് പഠിതാക്കളിൽ 99 ശതമാനവും മത്സ്യത്തൊഴിലാളികളുടെ മക്കളാണ് .നഴ്സറിയിൽ 12 കുട്ടികളും ഒന്നുമുതൽ നാലുവരെ 28 വിദ്യാർത്ഥികളും പഠിക്കുന്നഈ വിദ്യാലയത്തിൽ നാല് അധ്യാപകരും ഒരു പി.ടി.സി.യം.ഇ ജോലിചെയ്യുന്നു. മറ്റെവിടെയും പോകാൻ സാഹചര്യങ്ങളില്ലാത്ത പാവപ്പെട്ട കുടുംബങ്ങളിലെവിദ്യാർത്ഥികളുടെ ഏക ആശ്രയമാണ് ഈ വിദ്യാലയം വിദ്യാഭ്യാസ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന ഗുണപരമായ മാറ്റങ്ങൾ ഇവർക്ക് നിർബന്ധമായും ലഭിക്കേണ്ടതുണ്ട് അതിനുള്ള പ്രവർത്തനങ്ങൾ സജീവമായി നടന്നുകൊണ്ടിരിക്കുന്നു.

## നിജസ്ഥിതി

ഇരുപത്തെട്ട് വിദ്യാർത്ഥികളാണ് ഈ വിദ്യാലയത്തിൽ ഇപ്പോൾ പഠിക്കുന്നത് ഇവരിൽ പതിനൊന്നേ്പർ ആൺകുട്ടികളും പതിനേഴ് പെൺകുട്ടികളുമാണ് വിദ്യാർത്ഥികളിൽ ഭൂരിഭാഗവും മികച്ച അക്കാദമിക നിലവാരമുള്ളവരാണ് നാലാംക്ലാസിലെ ഒരു ആൺകുട്ടിയും മൂന്നാം ക്ലാസിലെ ഒരു ആൺകുട്ടിയും രണ്ടാം ക്ലാസിലെ ഒരു ആൺകുട്ടിയുംഒരു പെൺകുട്ടിയുമാണ് പഠനത്തിൽ  കാര്യമായി പിന്നോക്കം നിൽക്കുന്നത് ഇവരെ മലയാളത്തിലുക്കം പോലുള്ള പ്രത്യേക പരിശീന പരിപാടികളിൽ ഉൾപ്പെടുത്തി മെച്ചപ്പെടുത്താൻശ്രമിക്കുന്നുണ്ട് .കുട്ടികളിൽഭൂരിഭാഗവുംമത്സ്യത്തൊഴിലാളികളുടെ മക്കളാണ് .കുട്ടികളാടെ പഠനകാര്യങ്ങളിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തം വളരെ കുറവാണ്. ഗൃഹപാഠങ്ങൾ ചെയ്യുന്നതിൽ കുട്ടികൾ കുറച്ചുപിന്നിലാണ്

ഇംഗ്ലീഷ് വായിക്കാനറിയാമെങ്കിലും എഴുതുന്നതിൽ മിക്കവർക്കും പ്രയാസം നേരിടുന്നുണ്ട്. സ്പെല്ലിംഗ് മിസ്റ്റേക്ക് ,വാക്ക്യങ്ങൾ നിർമ്മിക്കാൻ വിഷമം ,ഇംഗ്ലീഷിൽ സംസാരിക്കാൻ പ്രയാസം തുടങ്ങിയവും പ്രധാനപ്രശ്നങ്ങളാണ് .കലാ കായിക രംഗങ്ങളിൽ കഴിവും താൽപ്പര്യവുമുള്ളവരാണ് മിക്ക കുട്ടികളും. സബ്ജില്ലാതലത്തിൽ വിവിധ ഇനങ്ങളിൽ മികച്ച ഗ്രേഡുകൾ നേടാൻഅവർക്ക് കഴിഞ്ഞിട്ടുണ്ട്. കൂടുതൽ പരിശീനം ലഭിച്ചാൽ ഇനിയും മികച്ച നേട്ടങ്ങളുണ്ടാക്കാൻ സാധിക്കും.

## കാഴ്ചപ്പാട്

രണ്ടായിരത്തി മുപ്പത് വർഷം അവസാനി ക്കുമ്പോഴേക്കും കണ്ണങ്കടവ് ഗവ.ൽ.പി സ്കൂളിനെ പഞ്ചായത്തിലെ ഏറ്റവും മികച്ചതും പഠിതാക്കൾ നിറഞ്ഞതുമായഒരു വിദ്യാലയമാക്കി മാറ്റുക എന്നതാണ് പ്രധാന ലക്ഷ്യം. അതിനാവശ്യമായ ഭൗതിക സാഹചര്യം രൂപപ്പെടുത്തുന്നതിനോടൊപ്പം ഏറ്റവും മികച്ച അക്കാദമിക പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കും വിഷയാടിസ്ഥാനത്തിൽ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തുടർന്നുള്ള ഭാഗങ്ങളിൽ ക്രമമായി സൂചിപ്പിക്കുന്നു.

## 1. ഭാഷാപരമായ ലക്ഷ്യങ്ങൾ

- പ്രാഥമികമായി ഓരോകുട്ടിയും നേടേണ്ടിയിരിക്കുന്ന വായന എഴുത്ത് വാചികപ്രകടനം രചനാ വൈഭവം സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മിടുക്ക് എന്നിവ ഓരോ കുട്ടിയും നേടിയെന്ന് ഉറപ്പ് വരുത്തും.
- നാലാം ക്ലാസ് പഠനം കഴിയുമ്പോഴേക്കും ഓരോകുട്ടിയും അമ്പത് പുസ്തകങ്ങളെങ്കിലും വായിച്ച് വായനാകുറിപ്പ് തയ്യാറാക്കും
- സ്വതന്ത്രമായി രചന നടത്തി അവകൊണ്ടുള്ള പതിപ്പുകൾ ഉൽപ്പന്നങ്ങളായി പ്രദർശിപ്പിക്കപ്പെടും.
- ഓരോ കുട്ടിയും ക്ലാസ്മുറിയിലും മറ്റ് സന്ദർഭങ്ങളിലും സ്വതന്ത്രമായി വാചിക പ്രകടനങ്ങളിൽ ഏർപ്പെടുമെന്ന് ഉറപ്പ് വരുത്തും.

## 2. കണക്ക്

- സംഖ്യകൾ ചതുഷ് ക്രിയകൾ പ്രായോഗിക പ്രശ്ന വിശകലനം നിർദ്ധാരണം എന്നീ മേഖലകളിൽ നേടേണ്ട കഴിവുകൾ നിർബന്ധമായും നേടിയെന്ന് ഉറപ്പുവരുത്തും
- ഓരോ കുട്ടിയും ഒരു ദിവസം രണ്ട് പ്രായോഗിക പ്രശ്ന കണക്കുകൾ നിർമ്മിക്കുകയും പരസ്പരം കൈമാറി പ്രശ്ന വിശകലനം നടത്തി നിർദ്ധാരണം ചെയ്യുന്നു.
- രസകരമായ പസിലുകൾ പാറ്റേണുകൾ തുടങ്ങിയവ നിർമ്മിക്കാനുള്ള പരിശീലനം നൽകുകയും ഓരോ കുട്ടിയും ഇരുപതെണ്ണമെങ്കിലും നിർമ്മിക്കുന്നുവെന്ന് ഉറപ്പുവരുത്തും..

## 3. പരിസര പഠനം.

- പരിസ്ഥിതി സൗഹൃദ മനോഭാവം ശുചിത്വ ശീലം പരസ്പര സഹകരണം പരീക്ഷണ പ്രവർത്തനങ്ങൾ നടത്താനുള്ള കഴിവ് തുടങ്ങിയവ രൂപപ്പെടുത്തും.
- ജൈവവൈവിധ്യ സമ്പുഷ്ടമായ സ്കൂൾ കോമ്പൗണ്ട് നിർമ്മിക്കും.
- ജൈവവൈവിധ്യ പാർക്ക് പൂന്തോട്ടം കൃഷിത്തോട്ടം മാലിന്യസംസ്കരണ പ്ലാന്റ് തുടങ്ങിയവ മറ്റുള്ളവരുടെ സഹായത്തോടെ കുട്ടികൾ നിർമ്മിക്കും
- സ്കൂൾ ലാബ് നവീകരിക്കയും പരീക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യും

4. **ഇംഗ്ലീഷ്**

- നാലാം ക്ലാസ് കഴിഞ്ഞ് പോകുന്ന ഒരു കുട്ടിക്ക് ഇംഗ്ലീഷ് കേട്ടാൽ മനസ്സിലാക്കാനും തിരിച്ച് ഇംഗ്ലീഷിൽ തന്നെ ചെറുതായെങ്കിലും പ്രതികരിക്കാനുള്ള കഴിവ് ഉണ്ടാക്കും
- ഓരോ കുട്ടിയും ഇംഗ്ലീഷ് തെറ്റില്ലാതെ എഴുതാനും വായിക്കാനും രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള കഴിവ് വളർത്തും.
- സ്വതന്ത്രമായി ഇംഗ്ലീഷിൽ രചന നടത്തി അവകൊണ്ടുള്ള പതിപ്പുകൾ ഉൽപ്പന്നങ്ങളായിപ്രദർശിപ്പിക്കപ്പെടും.

**5. കലാപഠനം**

- കലാപരമായ കഴിവുകൾ കണ്ടെത്തി അവ മെച്ചപ്പെടുത്താനാവശ്യമായ പരിശീലനം നൽകും
- ടാലന്റ് ലാബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തും.
- രചനാ മത്സരങ്ങൾ നടത്തി പതിപ്പുകൾ തയ്യാറാക്കുകയും ആവശ്യമായ പരിശീലനം നൽകുകയും ചെയ്യും
- പ്രസംഗം നാടകം സ്കിറ്റുകൾ തുടങ്ങിയവ പരിശീലിപ്പിച്ച് അവതരിപ്പിക്കുന്നു.

**6. പ്രവൃത്തി പരിചയം**

- പേപ്പർ കവർ നിർമ്മാണം ബീഡ്സ് വർക്ക് തുന്നൽ തുടങ്ങിയവ പരിശീലിപ്പിക്കുന്നു
- സ്കൂൾതല മത്സരങ്ങൾ സംഘടിപ്പിക്കുകയും വിവധ ഇനങ്ങളിൽ വിദഗ്ദ പരിശീലനം നൽകി ഉയർന്ന തലത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യും

**7. കായികപഠനം.**

- മാസ്സ് ഡ്രിൽ എയ്റോബിക്ക്സ് അത്‌ലറ്റിക്സ് സൈക്കിളിംഗ് യോഗ എന്നിവയിൽ പ്രാവീണ്യം നേടും.
- സ്കൂൾ അസംബ്ലിയിൽ മാസ്സ് ഡ്രിൽ ക്ലാസിനു മുമ്പായി ഏയ്റോബിക്ക്സ് വൈകീട്ട് യോഗ

## ഭൗതിക സാഹചര്യം

നിലവിലുള്ള അവസ്ഥ.

അമ്പത് സെന്റ്റ് സ്ഥലത്ത് ആകൃതിയിലുള്ള രണ്ട് കോൺക്രീറ്റ് കെട്ടിടങ്ങളിലാണ് ഇപ്പോൾ സ്കൂൾ പ്രവർത്തിക്കുന്നത്. രണ്ട് കെട്ടിടങ്ങളും പൂർണമായി സിമൻറ് പ്ലാസ്റ്റർ ചെയ്യുകയും നിലം ടൈൽ ചെയ്യുകയും ചെയ്തിട്ടുണ്ട്  ആവശ്യത്തിന് വാതിലുകളും ജനലുകളും ഉണ്ട്. പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടുണ്ട്.

- ഇരുനില കെട്ടിടത്തിൽ പലയിടത്തായി പ്ലാസ്റ്ററിങ്ങിൽ പൊട്ടലുകൾ കാണുന്നുണ്ട് അവ മാറ്റി പ്ലാസ്റ്റർ ചെയ്യണം ശിശു സൗഹൃദപരമായി പെയിന്റടിച്ച് ഭംഗിയാക്കണം
- നിലവിൽ ഒരു ക്ലാസ് റൂം മാത്രമാണ് സ്മാർട്ട് ക്ലാസ്സ് റൂം ആയിട്ടുള്ളത് .മുഴുവൻ ക്ലാസ്സുകളും സ്മാർട്ട് ക്ലാസ് റൂം സംവിധാനത്തിലേക്ക് മാറണം.

ഓരോ കുട്ടിക്കും സൗകര്യപ്രദമായി ഒറ്റക്കിരിക്കാൻ പറ്റിയ ഇരിപ്പടം ഡസ്ക്ക് ഓഡിയോ വിഷ്വൽ സംവിധാനങ്ങൾ ബുള്ളറ്റിൻ ബോർഡ് ചാർട്ട്സ്റ്റാന്റ് ഷെൽഫ് ക്ലാസ് ലബോറട്ടറി തുടങ്ങിയ സൗകര്യങ്ങൾ തുടങ്ങിയവ ആവശ്യമുണ്ട്

### കമ്പ്യൂട്ടർ ലാബ്

കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടറുകൾ അനുയോജ്യമായ ഫർണ്ണീച്ചറുകൾ എന്നിവ ആവശ്യമുണ്ട്

## ലൈബ്രറി

ഒരു ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കാം ഒരേ സമയം ഇരുന്ന് വായിക്കാനുള്ള സൗകര്യം ഡസ്ക്, വെ ളിച്ചം ,ഓഡിയോ സിസ്റ്റം ,പുസ്തകങ്ങൾ , .സിഡികൾ തുടങ്ങിയവ സ്കൂളിലുണ്ട്.പിരോഡിക്കൽസ് ഇനിയും ആവശ്യമുണ്ട്

## ഓഡിറ്റോറിയം

നിലവിൽ ഓഡിറ്റോറിയത്തിന്റെ ഫ്രെയിം വർക്ക് മാത്രമേ ചെയ്തിട്ടുള്ളൂ അത് പൊടിപിടിച്ചു കിടക്കുകയാണ് അത് നവീകരിച്ച് ഉപയോഗപ്പെടുത്താൻ കഴിയും

സ്റ്റേജ് ഇരിപ്പടങ്ങൾ വെളിച്ചം ഓഡിയോ വിഷ്വൽ സംവിധാനങ്ങൾ കർട്ടനുകൾ

## ലാബ്

.നിലവിൽ പ്രത്യേക സൌകര്യങ്ങൾ ഇല്ലെന്നു പറയാം.ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്ര ഉപകരണങ്ങൾ ചാർട്ടുകൾ കെമിക്കലുകൾ കൂടി സംഘടിപ്പിച്ച് വിപുലമാക്കാനുണ്ട്

പൂന്തോട്ടം കൃഷിത്തോട്ടം മാലിന്യസംസ്കരണ പ്ലാന്റ് എന്നിവ നിലവിലുണ്ട്.

കളറിംഗ് മെറ്റീരിയലുകൾ സംഗീത ഉപകരണങ്ങൾ ചിത്രങ്ങൾ സി ഡി കൾ ഓഡിയോ വിഷ്വൽ സംവിധാനങ്ങൾ എന്നിവ കൂടി ഒരുക്കാനുണ്ട്

ജൈവവൈവിധ്യ പാർക്ക്

ബൗണ്ടറി കെട്ടി വേർതിരിച്ച ജൈവവൈവിധ്യ പാർക്ക് ജലസേചന സൗകര്യം താമരക്കുളം എന്നിവ സം<ഘടിപ്പിക്കാനുണ്ട്

ഹെൽത്ത് സെന്റർ

പ്രഥമ ശുശ്രൂഷ സംവിധാനങ്ങൾ വിശ്രമിക്കാനാവശ്യമായ സൗകര്യങ്ങൾ എന്നിവ ഒരുക്കണം

ഇലക്ട്രിഫിക്കേഷൻ പൂർണമായിക്കഴിഞ്ഞു.എങ്കിലസും പഴയ വയറിംഗിന്റെ ചില പ്രശ്നങ്ങളുണ്ട്.

ആവശ്യമായ  വോൾ ഫാനുകൾ ട്യൂബുകൾ സ്ഘടിപ്പിക്കണം.

ഡൈനിംഗ് റൂം ഉണ്ടെങ്കിലും അതിൽ ആവശ്യമായ ഇരിപ്പിടസംവിധാനങ്ങൾ പാത്രങ്ങൾ എന്നിവ എത്താനുണ്ട്

പാചകപ്പുര

ആധുനികസൗകര്യങ്ങളുള്ള പാചകപ്പുര പാത്രങ്ങൾ പ്രഷർ കുക്കറുകൾ ഗ്യാസ് എന്നിവ സ്കൂളിലുണ്ട്.അലമാര സൂക്ഷിപ്പ പാത്രങ്ങൾ ഇവ ആവശ്യമുണ്ട്

ആവശ്യമായഎണ്ണം കളിയുപകരണങ്ങൾ ഇനിയും ലഭ്യമാക്കാനുണ്ട്

നടവഴി ടൈൽ പതിക്കുക

പെഡഗോജി പാർക്ക്

കളിയൂഞ്ഞാൽ സീസോ സ്ലൈഡർ മറ്റ് സൗകര്യങ്ങൾ

ജലസംരക്ഷണസം വിധാനങ്ങൾ

മഴവെള്ളസംഭരണി എന്നിവ ഒരുക്കണം

ക്ലാസ്സ് - ഒന്ന്

കുട്ടികളുടെ എണ്ണം 3

വിഷയം - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച ഇംഗ്ലീഷ് മാതൃകകൾ കേൾക്കാനുള്ള അവസരമൊരുക്കൽ | കാർട്ടൂണുകൾ പ്രദർശനം | ആഴ്ച്ചയിൽ ഒന്ന് | എസ്.ആർ.ജി | |
| | ചെറു വീഡിയോകൾ, ഷോർട്ട് ഫിലിമുകൾ | മാസത്തിലൊരിക്കൽ | എസ്.ആർ.ജി | |
| | ഭാഷാകേളികൾ | ആഴ്ച്ചയിൽ ഒന്ന് | എസ്.ആർ.ജി | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br><br>2) അമ്മ പറയട്ടെ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br><br>ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി.<br><br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br><br>മദർ പി.ടി.എ. |

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | ടഞഎ<br>ക്ലാസ് ടീച്ചർ<br>SRG ക്ലാസ് ടീച്ചർ | SSA |

**അക്കാദമിക പ്ലാൻ**

ക്ലാസ്സ് - രണ്ട്

കുട്ടികളുടെ എണ്ണം 8

വിഷയം - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരമൊരുക്കൽ | വിദഗ്ദരുമായുള്ള വിനിമയ പരിപാടികൾ | മൂന്നുമാസത്തിലൊരിക്കൽ | എസ്.ആർ.ജി | പി.ടി.എ |
| | ഇംഗ്ലീഷ് ബാലസഭ | മാസത്തിലൊരിക്കൽ | എസ്.ആർ.ജി | പി.ടി.എ |
| | ഇംഗ്ലീഷ് അസംബ്ലി | ആഴ്ച്ചയിൽ ഒന്ന് | എസ്.ആർ.ജി | |
| മികച്ച ഇംഗ്ലീഷ് മാതൃകകൾ | ചെറു വീഡിയോകൾ, ഷോർട്ട് ഫിലിമുകൾ | ആഴ്ച്ചയിൽ ഒന്ന് | എസ്.ആർ.ജി | |

| | | | | |
|---|---|---|---|---|
| കേൾക്കാനുള്ള അവസരമൊരുക്കൽ | | | | |

ഭാഷാ പഠനം -രണ്ടാം ക്ലാസ്

- 

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം നൽകി മുന്നോട്ടുകൊണ്ടുവരൽ | SRG,ക്ലാസ്സ്ടീച്ചർ | ലക്ഷ്യം നേടുന്നത് വരെ | PTAഫണ്ട് |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠനം എളുപ്പമാക്കുക | HM,SRG,ക്ലാസ്സ് ടീച്ചർ | വർഷം മുഴുവൻ | PTA |
| വായിക്കാം വളരാം | വയനാശേഷി വളർത്തൽ | HM,SRG,ക്ലാസ്സ ടീച്ചർ | വർഷം മുഴുവൻ | PTA |
| ക്ലാസ്സ് വായന,ക്ലാസ്സ് ലൈബ്രറി ഒരുക്കൽ,പുസ്തക പരിചയം | വയനാശീലം വളർത്തുക, ലൈബ്രറി ഉപയോഗപ്പെടുത്തൽ | HM,SRG,ക്ലാസ്സ് ടീച്ചർ | വർഷം മുഴുവൻ | PTA,CPTA |
| പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.സ്വതന്ത്രരചന നടത്താനുള്ള ശേഷി നേടുന്നു | ക്ലാസ്സ് ടീച്ചർ,രക്ഷിതാവ് | ജൂൺ,മാർച്ച് | CPTA |
| വായനാകുറിപ്പ്,ആസ്വാദന കുറിപ്പ്,പുസ്തക | വായനയുടെ ആഴം വർധിപ്പിക്കുക | HM,SRG,ക്ലാസ്സ് ടീച്ചർ | വർഷം മുഴവൻ<br>ആവശ്യാനുസര | CPTA<br>PTA |

| | | | | |
|---|---|---|---|---|
| സംവാദം കണ്ടറിയാം .......... കേട്ടറിയാം | അറിവ് ഡോക്യുമെൻററിയിലൂടെ നേടൽ(ICT) | ക്ലാസ്സ് ടീച്ചർ | ണം | |
| രുചിച്ചറിയാം | നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | SRG,ക്ലാസ്സ് ടീച്ചർ,PTA | വർഷം മുഴുവൻ | |
| ഓർക്കാം അഭിമാനിക്കാം -സാഹിത്യകാരന്മാർ | സാഹിത്യകാരന്മാരെ അടുത്തറിയൽ ,ഓർമ്മദിനങ്ങൾ ആചരിക്കൽ | SRG,CPTA,Class Teacher | | |
| സർഗോത്സവം ,കഥാവതരണം | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | SRG,CPTA,Class Teacher | വർഷത്തിലൊരിക്കൽ | PTA |
| ഗണിതം | | | | |
| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
| വിവിധതരം കളികൾ | ഗണിതപഠനം രസകരമാക്കൽ -ചതുഷ്ക്രിയകൾ ലളിതമാക്കൽ | വർഷം മുഴുവൻ | SRG,Class Teacher | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിതപഠനം രസകരമാക്കൽ -കരചലനശേഷി വികാസം | വർഷത്തിലൊരിക്കൽ | Class Teacher | PTA |
| ഗണിതച്ചുമർ | ഗണിതരൂപങ്ങളുടെ പ്രയോഗികമൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | Class Teacher | PTA |
| ഗണിതപഠനോപ | പഠനോപകര | ആവശ്യാനുസര | SRG,Class teacher | PTA |

| | | | | |
|---|---|---|---|---|
| കരണ ശില്പശാല | ണങ്ങളിലൂടെ ഗണിതപഠനം | ണം | | |
| ഗണിതമേള | ഗണിതശേഷികളുടെ പ്രകടനം | വർഷത്തിലൊന്ന് | SRG,Class Teacher | PTA |

**അക്കാദമിക പ്ലാൻ**

ക്ലാസ്സ് - മൂന്ന്

കുട്ടികളുടെ എണ്ണം 9

വിഷയം - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരമൊരുക്കൽ | വിദഗ്ദരുമായുള്ള വിനിമയ പരിപാടികൾ | മൂന്നുമാസത്തിലൊരിക്കൽ | എസ്.ആർ.ജി | പി.ടി.എ |
| | ഇംഗ്ലീഷ് ബാലസഭ | മാസത്തിലൊരിക്കൽ | എസ്.ആർ.ജി | പി.ടി.എ |
| | ഇംഗ്ലീഷ് അസംബ്ലി നിയന്ത്രണം കുട്ടികൾ | ആഴ്ച്ചയിൽ ഒന്ന് | എസ്.ആർ.ജി | |
| മികച്ച ഇംഗ്ലീഷ് മാതൃകകൾ കേൾക്കാനുള്ള അവസരമൊരുക്കൽ | ചെറു വീഡിയോകൾ, ഷോർട്ട് ഫിലിമുകൾ | ആഴ്ച്ചയിൽ ഒന്ന് | എസ്.ആർ.ജി | |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് എഴുതാനുള്ള അവസരമൊരുക്കൽ | ഇംഗ്ലീഷ് ഡയറി | ആഴ്ച്ചയിൽ ഒന്ന് | ക്ലാസ്സ് അധ്യാപിക | |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഉപയോഗിക്കാനുള്ള അവസരമൊരുക്കൽ | ഇംഗ്ലീഷ് ഭാഷാകേളി | ആഴ്ച്ചയിൽ ഒന്ന് | ക്ലാസ്സ് അധ്യാപിക | |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഉപയോഗിക്കാനുള്ള അവസരമൊരുക്കൽ | ഇംഗ്ലീഷ് വായനാ സാമഗ്രികളുടെ ശേഖരം ഒരുക്കലും ഉപയോഗവും | ആഴ്ച്ചയിൽ ഒന്ന് | ക്ലാസ്സ് അധ്യാപിക | |

ക്ലാസ്സ് - നാല്

കുട്ടികൾ 8

# മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തകപരിചയം വായനാ കുറിപ്പ് ആസ്വാദ കുറിപ്പ്. പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

# പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശഭ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (എണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

വിഷയം - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വാസ ത്തോടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരമൊരുക്കൽ | വിദഗ്ദരുമായുള്ള വിനിമയ പരിപാടികൾ | മൂന്നുമാസത്തി ലൊരിക്കൽ | എസ്.ആർ.ജി | പി.ടി.എ |
| | ഇംഗ്ലീഷ് ബാലസഭ | മാസത്തിലൊ രിക്കൽ | എസ്.ആർ.ജി | പി.ടി.എ |
| | ഇംഗ്ലീഷ് അസംബ്ലി നിയന്ത്രണം കുട്ടികൾ | ആഴ്ച്ചയിൽ ഒന്ന് | എസ്.ആർ.ജി | |
| മികച്ച ഇംഗ്ലീഷ് മാതൃകകൾ കേൾക്കാനുള്ള അവസരമൊരുക്കൽ | ചെറു വീഡിയോകൾ, ഷോർട്ട് ഫിലിമുകൾ | ആഴ്ച്ചയിൽ ഒന്ന് | എസ്.ആർ.ജി | |
| ആത്മവിശ്വാസ ത്തോടെ ഇംഗ്ലീഷ് എഴുതാനുള്ള അവസരമൊരുക്കൽ | ഇംഗ്ലീഷ് ഡയറി | ആഴ്ച്ചയിൽ ഒന്ന് | ക്ലാസ്സ് അധ്യാപിക | |
| ആത്മവിശ്വാസ ത്തോടെ ഇംഗ്ലീഷ് ഉപയോഗിക്കാനുള്ള അവസരമൊരുക്കൽ | ഇംഗ്ലീഷ് ഭാഷാകേളി | ആഴ്ച്ചയിൽ ഒന്ന് | ക്ലാസ്സ് അധ്യാപിക | |
| ആത്മവിശ്വാസ ത്തോടെ ഇംഗ്ലീഷ് ഉപയോഗിക്കാനുള്ള അവസരമൊരുക്കൽ | ഇംഗ്ലീഷ് വായനാ സാമഗ്രികളുടെ ശേഖരം ഒരുക്കലും ഉപയോഗവും | ആഴ്ച്ചയിൽ ഒന്ന് | ക്ലാസ്സ് അധ്യാപിക | |
| ആത്മവിശ്വാസ ത്തോടെ ഇംഗ്ലീഷ് ഉപയോഗിക്കാനുള്ള അവസരമൊരുക്കൽ | ഇംഗ്ലീഷ് തിയറ്റർ.പാഠഭാഗത്തെ ആശയങ്ങളുടെ സ്കിറ്റ് രൂപം അവതരണം | മാസത്തിൽ ഒന്ന് | എസ്.ആർ.ജി | പി.ടി.എ |
| ആത്മവിശ്വാസ ത്തോടെ ഇംഗ്ലീഷ് ഉപയോഗിക്കാനുള്ള അവസരമൊരുക്കൽ | ഇംഗ്ലീഷ് ക്യാമ്പ് | മാസവർഷത് ത്തിൽ രണ്ട് | എസ്.ആർ.ജി | പി.ടി.എ |

കുട്ടികളുടെ എണ്ണം 9